കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – ഇ.എം.എസ് ഭവന പദ്ധതി–സാങ്കേതിക ഉപദേശം നൽകുവാൻ പരിജ്ഞാനമുള്ളയാളുടെ സേവനം ലഭ്യമാക്കുന്നത്– മാർഗ്ഗ നിർദ്ദേശം അംഗീകരിച്ച് – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ്**

സ.ഉ(സാ)നം: 267/2010/തസ്വഭവ തിരുവനന്തപുരം, തീയതി: 23/1/2010

---

പരാമർശം:– 1. 7/11/09–ലെ സ.ഉ.(എം.എസ്) 207/09/തസ്വഭവ

2. 16/12/09–ലെ 1.8–ാം നമ്പർ സി.സി തീരുമാനം

## ഉത്തരവ്

ഇ.എം.എസ് ഭവന പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ പരാമർശം (1) പ്രകാരം പുറപ്പെടുവിച്ചിരുന്നു. ഇ.എം.എസ് ഭവന പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് സാങ്കേതിക പരിജ്ഞാനമുള്ള ഒരാളുടെ സേവനം ഒരു വർഷത്തേയ്ക്ക് ഗ്രാമപഞ്ചായത്തുകൾക്ക് ലഭ്യമാക്കുന്ന കാര്യം സർക്കാർ പരിശോധിക്കുകയുണ്ടായി. പരാമർശം (2)–ലെ തീരുമാനപ്രകാരം ഇ.എം.എസ് ഭവന പദ്ധതി സുഗമമായി നടപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരണമായി സാങ്കേതിക പരിജ്ഞാനമുള്ള ഒരാളുടെ സേവനം ഒരു വർഷത്തേയ്ക്ക് ലഭ്യമാക്കാവുന്നതാണെന്ന് ഉത്തരവാകുന്നു.

1. 100–ന് മുകളിൽ ഗുണഭോക്തതാക്കളുള്ള ഗ്രാമപഞ്ചായത്തുകൾക്ക് ഒരു സാങ്കേതി വിദഗ്ദ്ധന്റെ സേവനം പരമാവധി ഒരു വർഷത്തേയ്ക്ക് ഉപയോഗിക്കാവുന്നതാണ്.
2. അർഹത
   - സിവിൽ /ആർക്കിടെക്ചർ വിഭാഗങ്ങളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ/അസിസ്റ്റന്റ് എഞ്ചിനീയർ/ഓവർസിയർ തസ്തികകളിൽ സർക്കാർ/പൊതുമേഖലാസ്ഥാപനങ്ങളിൽ നിന്നും വിരമിച്ചവർ.
   - സിവിൽ/ആർക്കിടെക്ചർ വിഭാഗങ്ങളിൽ എഞ്ചിനീയറിംഗ് ബിരുദം/ഡിപ്ലോമ കരസ്ഥമാക്കിയതിനുശേഷം ഈ മേഖലകളിൽ മൂന്ന് വർഷത്തെ പ്രവർത്തന പരിചയവുമുള്ളവർ
   - അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ വിരമിച്ചവർ ലഭ്യമാണെങ്കിൽ അവർക്ക് മുൻഗണന നൽകണം. അതുപോലെ വർക്കിംഗ് ഗ്രൂപ്പുകൾ, ടി.എ.ജി.കൾ മുതലായവയുമായി ബന്ധപ്പെട്ട് ജനകീയാസൂത്രണ പ്രവർത്തനങ്ങളിൽ മുൻപരിചയമുള്ളവർക്കും മുൻഗണന നൽകണം.
3. തെരഞ്ഞെടുപ്പ്: തദ്ദേശസ്വയംഭരണ സ്ഥാപന തീരുമാന പ്രകാരം അനുയോജ്യമായവരെ നിയമിക്കാവുന്നതാണ്.

4. പ്രതിമാസ വേതനം:

- സർവ്വീസിൽ നിന്ന് വിരമിച്ച എഞ്ചിനീയർ/ എഞ്ചിനീയറിംഗ് ഡിഗ്രിയുള്ളയാൾ – 10,000/- രൂപ
- സർവ്വീസിൽ നിന്ന് വിരമിച്ച ഓവർസിയർ/ എഞ്ചിനീയറിംഗ് ഡിപ്ലോമയുള്ളയാൾ – 8,000/- രൂപ

5. വേതനം നൽകുവാൻ ഗ്രാമപഞ്ചായത്തുകൾക്ക് തനത്/ജനറൽ പർപ്പസ് വികസന ഫണ്ടുകൾ വിനിയോഗിക്കാവുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
അന്നമ്മ ഡാനിയേൽ
അഡീഷണൽ സെക്രട്ടറി

എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൻ മാർക്കും
സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യവകുപ്പ്
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണബോർഡ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറി(ജില്ലാകളക്ടർമാർ)മാർക്കും
എല്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശ്ശൂർ
ഓഫീസ് കോപ്പി/കരുതൽഫയൽ

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ